**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് മേഖല നിശ്ചയിച്ചുകൊണ്ടിറക്കിയ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് 2019 ഒക്ടോബർ 31-ാം തീയതി വനംവകുപ്പ് ഉത്തരവിറക്കിയിരുന്നോ; | (എ) | സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് 2019 ഒക്ടോബർ 31-ാം തീയതി സർക്കാർ ഉത്തരവിറക്കിയിരുന്നു. |
| (ബി) | പ്രസ്തുത സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് ബഫർസോൺ സംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ മാറ്റം വരുത്താൻ തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവ് വനം വകുപ്പ് ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ മാറ്റം വരുത്താൻ തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവ് സർക്കാർ ഇറക്കാനുണ്ടായ സാഹചര്യം ചുവടെ ചേർക്കുന്നു.<br><br>മനുഷ്യവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വന പ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തി ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇത് അംഗീകരിക്കില്ല. ഒരു മേഖലയെ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യപിക്കുന്നതിനുള്ള ലക്ഷ്യത്തെ മേൽ ശുപാർശ പൂർണ്ണമായും പരാജയപ്പെടുത്തുന്നതാണ്. സംരക്ഷിത പ്രദേശത്തോട് നിശ്ചിത ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഇക്കോ സെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യങ്ങളും സംസ്ഥാന പരിസ്ഥിതി സുരക്ഷയും സംരക്ഷണവും നിറവേറില്ല. ഇക്കോ സെൻസിറ്റീവ് സോണിൽ ജനമേഖലകൾ ഉൾപ്പെടുത്തുന്നതിലൂടെ ജനങ്ങളുടെ അടിസ്ഥാന വികസനം അല്ലെങ്കിൽ ഉപജീവന മാർഗ്ഗങ്ങളെയൊന്നും ബാധിക്കില്ല. |

| | | | |
|---|---|---|---|
| | | | സംരക്ഷിത വന്യജീവികളുടെയും പരോക്ഷമായി പ്രദേശവാസികളുടെയും ജീവൻ അപകടത്തിലാക്കുന്ന വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത്.<br><br>2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിരുന്നു. തുടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിട്ടു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019-ലെ സർക്കാർ ഉത്തരവ് കൈ/29/2019/ വനം പ്രകാരം അംഗീകാരം നൽകിയത്. |
| (സി) | പ്രസ്തുത ഉത്തരവ് മൂലം ബാധിക്കപ്പെടുന്ന ജന സമൂഹവുമായി ഉത്തരവിറക്കുന്നതിന് മുൻപ് ചർച്ച ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | പ്രസ്തുത ഉത്തരവ് കേരളത്തിന്റെ സുസ്ഥിര വികസനവും പാരിസ്ഥിതിക ഭദ്രതയും മുന്നിൽക്കണ്ടും കേന്ദ്ര സർക്കാരിന്റെ നിഷ്കർഷകൾ അനുസരിച്ചും പുറപ്പെടുവിച്ച ഒന്നായതിനാൽ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ